ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 22.12.2025** **TIME : 07.25 PM**

## പ്രധാന

1. ഇന്ത്യ-ന്യൂസിലാന്റ് സ്വതന്ത്രവ്യാപാര കരാർ ചർച്ചകൾ പൂർത്തിയായി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുന്നതിന് കരാർ സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **India, New Zealand announce Free Trade deal; Prime Minister says agreement will set stage for doubling bilateral trade in five years.**

2. രാജ്യത്തെ കയറ്റുമതി മേഖലയ്ക്ക് കരാർ സഹായകമാകുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal said that the agreement will boost country's export sector.**

3. അരാവല്ലി മേഖലയുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്.

Union Minister Bhupender Yadav says the government is committed to the development of the Aravalli region.

4. ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സിവിൽ സർവീസ് ഉദ്യോഗസ്ഥർ വഹിക്കുന്ന പങ്ക് നിർണായകമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   Vice President C. P. Radhakrishnan says civil service officers play a crucial role in achieving the goal of making India a developed nation.

5. കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പിന് മുന്നോടിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായിയുള്ള കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

   Chief Electoral Officer says the draft voter list will be published tomorrow as part of SIR ahead of the Assembly elections in Kerala.

6. ഇന്ത്യ - ശ്രീലങ്ക വനിതാ ടൻ്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ വിശാഖപട്ടണത്ത്

   The second match of the India–Sri Lanka Women's T20 cricket series to be held tomorrow in Visakhapatnam.

## GOYAL FTA-INDIA NEW ZEALAND (INTRO)

സ്വതന്ത്രവ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യയും ന്യൂസിലാന്റും വിജയകരമായി പൂർത്തിയാക്കി. പ്രധാനമന്ത്രി നരേന്ദ്രമോദിയും ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും ഇന്ന് നടത്തിയ ടെലഫോൺ സംഭാഷണത്തിന് ശേഷമായിരുന്നു പ്രഖ്യാപനം. കരാർ പ്രാബല്യത്തിൽ വരുന്നത് വ്യാപാരം, ടൂറിസം, ഗവേഷണം, വികസനം, വിദ്യാഭ്യാസം, കാർഷിക-സേവന മേഖലകൾക്ക് ഗുണകരമാകുമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. രാജ്യത്തെ കയറ്റുമതി മേഖലയ്ക്ക് കരാർ സഹായകമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയ്സ്........)**

അഞ്ച് തവണ നടത്തിയ ഔപചാരിക ചർകൾക്കൊടുവിലാണ് കരാർ പൂർത്തിയായത്.

## PM - FTA

ഇന്ത്യ - ന്യൂസിലന്റ് സ്വതന്ത്ര വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം അടുത്ത അഞ്ചു വർഷം ഇരട്ടിയാക്കുന്നതിന് സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം പുതിയ തലങ്ങളിലേക്ക് ഉയർത്തുന്നതിന് കരാർ വഴി ഒരുക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. വിവിധ മേഖലകളിൽ ന്യൂസിലന്റിൽ നിന്നുള്ള 20 ബില്ല്യൺ

ഡോളറിന്റെ നിക്ഷേപം സ്വാഗതം ചെയ്യുന്നതായും പ്രധാനമന്ത്രി പറഞ്ഞു. കായികം, വിദ്യാഭ്യാസം, സംസ്കാരം എന്നീ മേഖലകളിലെ പരസ്പര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR-FTA

കരാർ ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യാപാരം, നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവ പ്രോത്സാഹിപ്പിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അഭിപ്രായപ്പെട്ടു. വ്യാപാരക്കരാർ സംബന്ധിച്ച ചർച്ച റെക്കോഡ് സമയത്തിനുള്ളിലാണ് പൂർത്തിയായതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## JAISHANKAR- SL VISIT

വിദേശകാര്യമന്ത്രി എസ് ജയശങ്കർ നാളെ ശ്രീലങ്ക സന്ദർശിക്കും. സന്ദർശന വേളയിൽ ശ്രീലങ്കൻ നേതൃത്വവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ദിത്വാ ചുഴലിക്കാറ്റ് മൂലമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഇന്ത്യ ആരംഭിച്ച ഓപ്പറേഷൻ സാഗർ ബന്ധുവിന്റെ പശ്ചാത്തലത്തിലാണ് സന്ദർശനമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SCINDIA-TASK FORCE MEETING

രാജ്യത്തിൻറെ വടക്കുകിഴക്കൻ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഗതാഗത

സൗകര്യം, ചരക്കുനീക്കം എന്നിവ സംബന്ധിച്ച ഉന്നത തല യോഗം വിളിച്ച് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ത്രിപുര മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദക്ഷിണേഷ്യൻ രാജ്യങ്ങളിലേക്കുള്ള പ്രവേശനകവാടമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ മാറ്റുന്നത് സംബന്ധിച്ച മാർഗരേഖ ചർച്ച ചെയ്തു. ഡിജിറ്റൽ കണക്ടിവിറ്റി സാധ്യതകൾ സംബന്ധിച്ചും ചർച്ച നടത്തി.

## PREZ- SHANTI BILL

രണ്ട് സുപ്രധാന ബില്ലുകൾക്ക് അംഗീകാരം നൽകി രാഷ്ട്രപതി ദ്രൗപതി മുർമു. ശീതകാല സമ്മേളനത്തിൽ പാർലമെന്റ് പാസാക്കിയ ശാന്തി ബിൽ, വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ തുടങ്ങിയവയിൽ രാഷ്ട്രപതി ഒപ്പുവെച്ചു. ആണവോർജ ഉൽപ്പാദനം, ആരോഗ്യ സംരക്ഷണം, ഭക്ഷണം, വെള്ളം, കൃഷി, വ്യവസായം,തുടങ്ങിയവയിൽ ആണവ ശാസ്ത്രത്തിന്റെ പ്രയോഗം, സാങ്കേതികവിദ്യ നവീകരണം എന്നിവ വ്യവസ്ഥ ചെയ്യുന്നതാണ് ശാന്തി ബിൽ -2025. ഗ്രാമീണ കുടുംബങ്ങൾക്ക് 125 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതാണ് വിക്സിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ ഗ്രാമീൺ ബിൽ.

## VICE PRESIDENT - OFFICER TRAINEES

2047 ഓടെ രാജ്യത്തെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് സിവിൽ

സർവീസ് ഉദ്യോഗസ്ഥർ വഹിക്കുന്ന പങ്ക് നിർണായകമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. 2023, 2024 വർഷങ്ങളിലെ ഇന്ത്യൻ ഡിഫൻസ് അക്കൗണ്ട്സ് സർവീസ് ട്രെയ്നി ഉദ്യോഗസ്ഥരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സത്യസന്ധത, സുതാര്യത, ജാഗ്രത, ഉത്തരവാദിത്തം എന്നിവ നിലനിർത്തേണ്ടതുണ്ടെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## CIVIL AVIATION-AI

സാങ്കേതിക തകരാറിനെ തുടർന്ന് ഡൽഹി- മുംബൈ എയർ ഇന്ത്യ വിമാനം ഡൽഹി വിമാനത്താവളത്തിൽ തിരിച്ചിറക്കിയ സംഭവത്തിൽ വ്യോമയാന മന്ത്രാലയം എയർ ഇന്ത്യയിൽ നിന്ന് വിശദമായ റിപ്പോർട്ട് തേടി. സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ DGCA യ്ക്ക് മന്ത്രാലയം നിർദ്ദേശം നൽകി. ടേക്ക് ഓഫിന് തൊട്ടുപിന്നാലെ വിമാനത്തിന്റെ എഞ്ചിൻ തകരാറിലാവുകയായിരുന്നു. യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും

MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 26 വരെ അറിയിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## BHUPENDER YADAV-CONFERENCE (INTRO)

ദേശീയ തലസ്ഥാന മേഖല -NCR ൽ ഖനനം അനുവദനീയമല്ലെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. അരാവല്ലി യുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി സംബന്ധിച്ച് മാധ്യമങ്ങളെ കാണുകയായിരുന്നു അദ്ദേഹം. അരാവല്ലി മേഖലയുടെ വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.
**(വോയിസ് )**
അരാവല്ലി മലനിരകളുടെ പരിസ്ഥിതിക്ക് അടിയന്തിര ഭീഷണി നേരിടുന്നതായുള്ള വാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് കേന്ദ്രമന്ത്രി നേരത്തെ വ്യക്തമാക്കിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## IMD-WEATHER

കിഴക്കൻ ഉത്തർപ്രദേശിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന്
ശക്തമായ മൂടൽമഞ്ഞ് അനുഭവപ്പെടുമെന്ന് കേന്ദ്ര കാലാസ്ഥാ വകുപ്പ്. ബിഹാർ, ഝാർഖണ്ഡ്, മധ്യപ്രദേശ്. പടിഞ്ഞാറൻ ഉത്തപ്രദേശ്, എന്നിവിടങ്ങളിലും അതിശൈത്യം അനുഭവപ്പെട്ടേക്കും. അതേസമയം, ഡൽഹിയിലെ വായു
ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്. ദേശീയ തലസ്ഥാനത്ത് വായു ഗുണനിലവാര സൂചിക ഉച്ചയോടെ 369 രേഖപ്പെടുത്തി.

## CRICKET WOMEN

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ വിശാഖപട്ടണത്ത് നടക്കും. വൈകുന്നേരം ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. അവസാന മൂന്ന് മത്സരം തിരുവനന്തപുരത്താണ് നടക്കുന്നത്.

## CEO

കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പിന് മുന്നോടിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായിയുള്ള കരട് വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. പട്ടികയിന്മേലുള്ള പരാതികൾ ജനുവരി 22 വരെ voters.eci.gov.in എന്ന പോർട്ടലിൽ സമർപ്പിക്കാം. സഹായത്തിനായ് 1950 എന്ന നമ്പറും തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റും ഉപയോഗപ്പെടുത്താവുന്നതാണ്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടികയുടെ കൃത്യത ഉറപ്പാക്കാൻ എല്ലാ സമ്മതിദായകരും അവസരം ഉപയോഗപ്പെടുത്തണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അറിയിച്ചു.

## HEART TRANSPLANTATION

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച 45 കാരന്റെ ഹൃദയം എയർ ആംബുലൻസിൽ കൊച്ചിയിൽ എത്തിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന നേപ്പാൾ സ്വദേശിനിയ്ക്കാണ് ഹൃദയ വാൽവ് ദാനം ചെയ്യുന്നത്. ശസ്ത്രക്രിയ പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## SABARIMALA

മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച്, ശബരിമലയിലേക്കുള്ള തങ്ക അങ്കി ഘോഷയാത്ര ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് നാളെ പുറപ്പെടും. ഈ മാസം 26-ന് വൈകിട്ട് തങ്കയങ്കിചാർത്തി ദീപാരാധന നടക്കും. 27-നാണ് മണ്ഡല പൂജ.

❁❁❁❁❁❁❁❁❁❁❁❁❁

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 638 പോയിന്റ് നേട്ടത്തിൽ 85,567 ലും , നിഫ്റ്റി 206 പോയിന്റ് ഉയർന്നു 26,172 ലും വ്യാപാരം അവസാനിച്ചു. സ്വർണ വില വർധിച്ചു. സ്വർണം പവന് 1,440 രൂപ വർധിച്ചു 99,840 രൂപയും ഗ്രാമിന് 12,480 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## PIB FACT CHECK- INDIA POST

ഇന്ത്യാ പോസ്റ്റിന്റെ പേരിൽ ഓൺലൈനിൽ പ്രചരിക്കുന്ന ഭാഗ്യക്കുറി തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര സർക്കാർ. ഇന്ത്യാ

പോസ്റ്റിന്റെ പേരിലുള്ള ഇത്തരം സമ്മാന വാഗ്ദാനങ്ങൾ വസ്തുതാ വിരുദ്ധമാണെന്ന് പിഐബി ഫാക്റ്റ് ചെക്ക് വിഭാഗം അറിയിച്ചു. സ്വകാര്യ വിവരങ്ങൾ പങ്കിടാൻ പ്രേരിപ്പിക്കുന്ന ഇത്തരം പോസ്റ്റുകൾക്ക് ഇന്ത്യാ പോസ്റ്റുമായി ബന്ധമില്ലെന്നും പിഐബി വ്യക്തമാക്കി.

## DELHI HC- ED

നാഷണൽ ഹെറാൾഡ് കേസിലെ കള്ളപ്പണം വെളുപ്പിക്കൽ പരാതിയിൽ നടപടിയെടുക്കാൻ വിസമ്മതിച്ച വിചാരണക്കോടതി ഉത്തരവിനെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സമർപ്പിച്ച ഹർജിയിൽ ഡൽഹി ഹൈക്കോടതി നോട്ടീസ് അയച്ചു. ഇഡി ഹർജിയുടെ അടിസ്ഥാനത്തിൽ കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധിയുടെയും രാഹുൽ ഗാന്ധിയുടെയും മറുപടി ഡൽഹി ഹൈക്കോടതി തേടി. കേസ് അടുത്ത മാർച്ച് 12-ന് വീണ്ടും പരിഗണിക്കും .